**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 580** **08-10-2024 - ൽ മറുപടിയ്ക്ക്**

**ജൂനിയർ അഭിഭാഷകർക്ക് സ്റ്റൈപന്റ് നൽകുന്നത് സംബന്ധിച്ച്.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ. കെ. അക്ബർ** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | ജൂനിയർ അഭിഭാഷകർക്ക് പ്രതിമാസം 300 രൂപ വീതം സ്റ്റൈപന്റ് നൽകുന്ന പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | 1980-ലെ കേരള അഭിഭാഷക ക്ഷേമനിധി ആക്ട് പ്രകാരം അഭിഭാഷകരുടെ ക്ഷേമത്തിനായി കേരള അഭിഭാഷക ക്ഷേമനിധി രൂപീകരിച്ചിട്ടുള്ളതാണ്. ആക്ടിലെ 9-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (gi)ഖണ്ഡപ്രകാരം, 30 വയസ്സ് പൂർത്തിയാക്കാത്തതും ഒരു ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ളതും ബാറിലെ സേവനകാലം 3 വർഷത്തിൽ അധികരിക്കാത്തതുമായ ഒരു അഭിഭാഷകന്, ട്രസ്റ്റി കമ്മിറ്റി കാലാകാലങ്ങളിൽ നിശ്ചയിക്കുന്നതും സർക്കാർ അംഗീകരിക്കുന്നതുമായ നിരക്കിൽ സ്റ്റൈപൻറ് നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. ആയതനുസരിച്ച് 2021 ഡിസംബർ 18-ാം തീയതിയിലെ 3715-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ ബാർ കൗൺസിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള "The Kerala Advocates' Stipend Rules, 2021 "-ലെ ചട്ടം 3-ലെ 3-ാം ഉപചട്ടം പ്രകാരം, ട്രസ്റ്റി കമ്മിറ്റിയ്ക്ക് കാലാകാലങ്ങളിൽ സർക്കാരിന്റെ മുൻകൂർ അനുമതിയോടു കൂടി 5000/- രൂപയിൽ അധികരിക്കാത്ത തുക പ്രതിമാസ സ്റ്റൈപന്റായി നൽകുവാനും ചട്ടം 4 പ്രകാരം അഭിഭാഷകൻ ഓൾ ഇന്ത്യ ബാർ എക്സാമിനേഷൻ പാസ്സായ തീയതി മുതൽ മൂന്ന് വർഷത്തെ യഥാർത്ഥ പ്രാക്ടീസ് കാലത്തേക്കോ മുപ്പത് വയസ് പൂർത്തിയാകുന്നതു വരെയോ ഏതാണോ ആദ്യം അതുവരെ സ്റ്റൈപന്റ് നൽകേണ്ടതുമാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.<br><br>24.06.2022-ലെ സ.ഉ.(കൈ)നം.41/2022/നിയമം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം എസ്.സി/ എസ്.റ്റി വിഭാഗത്തിൽ നിന്നുള്ള അഭിഭാഷകരെ വാർഷിക വരുമാന പരിധിയിൽ നിന്ന് ഒഴിവാക്കിയും മുപ്പത് വയസ്സ് പൂർത്തിയാകാത്തവരും ഒരു ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനം ഉള്ളവരും ബാറിലെ സേവനകാലം 3 വർഷത്തിൽ |

| | | | |
|---|---|---|---|
| | | | അധികരിക്കാത്തവരുമായ അഭിഭാഷകർക്ക് കേരള അഭിഭാഷക ക്ഷേമനിധിയിൽ നിന്നും പ്രതിമാസം 3000 രൂപ (മൂവ്വായിരം രൂപ മാത്രം) നിരക്കിൽ സ്റ്റൈപൻറ് നൽകുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുള്ളതുമാണ്. മേൽവ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ കേരള അഭിഭാഷക ക്ഷേമനിധിയിൽ നിന്നും പ്രതിമാസം 3000/-രൂപ നിരക്കിൽ ജൂനിയർ അഭിഭാഷകർക്ക് സ്റ്റൈപന്റ് ആയി നൽകി വരുന്നു. |
| (ബി) | ഗുരുവായൂർ മണ്ഡലത്തിൽ ഉൾപ്പെടുന്ന കോടതികളിൽ ഈ സ്റ്റൈപന്റ് ലഭ്യമാക്കുന്ന ജൂനിയർ അഭിഭാഷകരുടെ എണ്ണം ലഭ്യമാക്കാമോ? | (ബി) | എട്ട് (8) |

സെക്ഷൻ ഓഫീസർ